പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

കാര്യാലയം

ബജറ്റ് (കരട്)

2026-27

PERALASSERY GP BUDGET 2026-27

അവതരണം

ശ്രീമതി. സജില എം

വൈസ് പ്രസിഡണ്ട് &

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

2026

(ധനകാര്യ സ്ഥിരം സമിതിയുടെ 26.02.2026 തീയ്യതിയിലെ 01/2026 നമ്പർ തീരുമാനപ്രകാരം ഭരണസമിതിയുടെ അംഗീകാരത്തിനായി ഗ്രൂപാർശ ചെയ്തത്)

ഉള്ളടക്കം

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പ്
3. ബജറ്റ് പട്ടികകൾ
4. പ്രവർത്തന ബജറ്റ്
5. ജെൻറർ ബജറ്റ്

PERALASSERY GP BUDGET 2026-27

പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ഭൂപടം

PERALASSERY GP BUDGET 2026-27

പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി

(2025-2030)

PERALASSERY GP BUDGET 2026-27

ബജറ്റ് പ്രസംഗം

ബജറ്റ് അവതരണം നടത്തുന്ന ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി സജില എം, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺമാർ, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, മാധ്യമ പ്രവർത്തകർ തുടങ്ങി ഏവരെയും 2026-27 വാർഷിക ബജറ്റ് അവതരണത്തിനുള്ള പ്രത്യേക യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

"ഇരുൾ കവിഞ്ഞാലും വെളിച്ചം വരും
ഇടറിനിന്നാലും മുന്നോട്ട് നാം
വിതച്ച ധാന്യം വിളയായി മാറും
വിണ്ണിൽ സ്വപ്നങ്ങൾ ചിറകുറക്കും
കൈകോർത്തു നിൽക്കുന്ന മനുഷ്യരിൽ
നാളെയുടെ സമൃദ്ധി വിരിയും"

മലയാളത്തിൻറെ പ്രിയ കവി ഒ എൻ വി കുറുപ്പിൻറെ "പ്രതീക്ഷ" എന്ന കവിതയിലെ ഏതാനും വരികളാണിത്. വികസനം, കൂട്ടായ്മ, നിക്ഷേപം, ഭാവി സമൃദ്ധി എന്നിവ സൂചിപ്പിക്കുന്ന മേൽ കവിത ശകലങ്ങളിലൂടെ 2025-2030 കാലയളവിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൻറെ വികസന തുടർച്ചക്കായി 2026 ഡിസംബർ 21 ന് നിലവിൽ വന്ന ഭരണ സമിതിയുടെ ആദ്യ ബജറ്റ് നടപടികൾക്ക് തുടക്കം കുറിക്കാം.

സമസ്ത മേഖലകളിലും മികച്ച മുന്നേറ്റം നടത്താൻ കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് സാധിച്ചിട്ടുണ്ട്. വിശിഷ്യ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ രണ്ടു

PERALASSERY GP BUDGET 2026-27

വലിയ അംഗീകാരങ്ങൾ നമ്മളെ തേടിയെത്തുകയുണ്ടായി. ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഗ്രേഡിങ്ങിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനത്തിനുള്ള അവാർഡും, സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണ സംവിധാനമുള്ള ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരവും ലഭിച്ചു. ഈ രണ്ട് പുരസ്കാരങ്ങളും ആഞ്ഞൂരിൽ വെച്ച് നടന്ന തദ്ദേശ ദിനാഘോഷ ചടങ്ങിൽ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് ഗ്രാമപഞ്ചായത്തിന്സമ്മാനിക്കുകയുണ്ടായി. ശുചിത്വരംഗത്തെ പ്രവർത്തന മികവിന് ആദ്യമായിട്ടാണ് ഇത്തരം ഒരു പുരസ്കാരം ലഭിക്കുന്നത്. ഒപ്പം സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണമുള്ള പഞ്ചായത്തായി പ്രഖ്യാപിച്ചതിന്റെ പുരസ്കാരവും ലഭിച്ചു. ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നു സംസ്കരിക്കുന്നതിന് വേണ്ടി റിംഗ് കമ്പോസ്റ്റുകൾ എല്ലാ വീടുകളിലും എത്തിച്ചുകൊണ്ട് ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന് പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വിജയകരമായി പൂർത്തിയാക്കി തുടർന്ന് വരുന്നതിനുള്ള അംഗീകാരമായിട്ടാണ് പുരസ്കാരം ലഭിച്ചിട്ടുള്ളത്.

ജനകീയ സഹായത്തോടെ ചെറുപട്ടണങ്ങളുടെ സൗന്ദര്യവൽക്കരണം നമ്മൾ തീർത്ത മറ്റൊരുമാതൃകയാണ്. പഞ്ചായത്തിനോടൊപ്പം ചേർന്ന് സന്നദ്ധ പ്രവർത്തനം നടത്തുന്ന നമ്മുടെ സഹപ്രവർത്തകരെ ഈ വേളയിൽ പ്രത്യേകം അഭിനന്ദിക്കുന്നു. ജനങ്ങൾ ഇടപെടുന്ന എല്ലാ പൊതുസ്ഥലങ്ങളിലും ശുചിത്വവും സൗന്ദര്യവും എന്ന സങ്കല്പത്തിലേക്ക് നമ്മൾ പോകുകയാണ്. തരിശായി കിടക്കുന്ന നമ്മുടെ വയലുകൾ സമ്പന്നമായ കാർഷിക സമൃദ്ധിയിലേക്ക് തിരിച്ചു കൊണ്ടുവരണം. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാൻ നമ്മുടെ പഞ്ചായത്ത് ഹരിതാഭമാക്കി മാറ്റണം.

PERALASSERY GP BUDGET 2026-27

നമ്മൾ കണ്ട സ്വപ്നങ്ങൾ അത് വേറെ സ്വപ്നങ്ങളെല്ലെന്നും യാഥാർത്ഥ്യങ്ങൾ ആക്കാൻ കഴിയുന്നതാണെന്ന് നമുക്ക് കാണിച്ചു തന്ന പ്രിയപ്പെട്ട മുഖ്യമന്ത്രിക്ക് നന്ദി നേരുന്നു. പാവങ്ങളുടെ പടത്തലവൻ– നമ്മുടെ നാട് ജന്മം നൽകിയ പ്രിയ നേതാവ് എ കെ ജി ക്ക് നിത്യ സ്മാരകമായി മ്യൂസിയം യാഥാർത്ഥ്യമായിരിക്കുന്നു. കീഴത്തൂർ , ചേരിക്കൽ പാലങ്ങൾ, ബോട്ട് ജെട്ടി അങ്ങനെ വിവിധ വികസന പദ്ധതികളിലൂടെ നമ്മുടെ പഞ്ചായത്തിൻറെ മുഖം തന്നെ മാറ്റുകയാണ്. പെരളശ്ശേരി സ്റ്റേഡിയം, മാവിലായി ഹെറിറ്റേജ് പദ്ധതി, പെരളശ്ശേരി തീർത്ഥാടന ടൂറിസം പദ്ധതി, മാനവീയം പാർക്ക് എന്നീ പദ്ധതികൾക്കുള്ള സംസ്ഥാന സർക്കാരിൻറെ സഹായത്തിലൂടെ ബൃഹത്തായ വികസനത്തിലേക്ക് വലിയ കുതിച്ചുചാട്ടമാണ് നമ്മുടെ നാട് ലക്ഷ്യം വെക്കുന്നത്.

കെട്ടിടം പൂർത്തീകരിച്ച മക്രേരി, മൂന്ന് പെരിയ ഹെൽത്ത് സബ് സെൻറുകൾ, കോട്ടം സാംസ്കാരിക നിലയം എന്നിവ പൊതുജനങ്ങൾക്ക് പൂർണ്ണ തോതിൽ തുറന്നു കൊടുക്കാൻ എത്രയും പെട്ടെന്ന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2 കോടി രൂപ സംസ്ഥാന സർക്കാർ ഫണ്ടിൽ നിർമ്മാണം ദ്രുതഗതിയിൽ നടക്കുന്ന പൊതുവാച്ചേരിയിലെ എഫ് എച്ച് സി നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. നഗരവൽക്കരണം അതിവേഗം നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ അതിനുതകുന്ന തരത്തിലുള്ള ബൃഹത്തായ പദ്ധതികൾ ആവശ്യമാണ്. അതിന് ഈ ബജറ്റിലെ വകയിരുത്തലുകൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തീർത്ഥാടന ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായാൽ നമ്മുടെ സ്വപ്നമായ പെരളശ്ശേരി ബസ് സ്റ്റാൻഡും, ടാക്സി സ്റ്റാൻഡും യാഥാർത്ഥ്യമാക്കുന്നതിനും പെരളശ്ശേരിയിലെ പാർക്കിങ് പ്രശനങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നതാണ്. യാത്ര സൗകര്യം കൂടുതൽ മെച്ചപ്പെടുത്താനും, തെരുവു വിളക്കുകൾ സ്ഥാപിക്കാനും

PERALASSERY GP BUDGET 2026-27

നല്ലൊരു ഉക തന്നെ വേണം. ആവശ്യങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് വിവിധ പദ്ധതികൾ കൊണ്ടുവരേണ്ടതുണ്ട്. അതോടൊപ്പം നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളിൽ ചേർന്നുകൊണ്ട് വ്യത്യസ്ത പരിപാടികളും ആഘോഷങ്ങളും സംഘടിപ്പിക്കാനും സാംസ്കാരിക മേഖലയിൽ ഉണർവ് സൃഷ്ടിക്കാനും പദ്ധതികൾ ആവശ്യമാണ്. ഹാപ്പിനസ് ഫെസ്റ്റ് നമുക്ക് നല്ല മാതൃകയായിരുന്നു അത് തുടരണം.

നമ്മുടെ പഞ്ചായത്തിൻറെ നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച് പഞ്ചായത്തിന്റെ സമഗ്ര മുന്നേറ്റത്തിന് നേതൃത്വം കൊടുത്തവരെ, ജനപ്രതിനിധികളെ, പ്രിയ ഉദ്യോഗസ്ഥരെ, ആസൂത്രണ സമിതി അംഗങ്ങളെ അഭിവാദ്യം ചെയ്യുന്നു. അവരുടെ മഹത്തായ പൈതൃകം ഏറ്റെടുത്ത് കൂടുതൽ കരുത്തോടെ കാലത്തിൻറെ ആവശ്യകതക്കനുസരിച്ച് കുതിക്കാൻ കരുത്ത് പകരുന്ന ഈ ബജറ്റ് നിങ്ങളുടെ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

ടി സുനീഷ്

പ്രസിഡൻറ്

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

PERALASSERY GP BUDGET 2026-27

ബജറ്റ് പ്രസംഗം

ബജറ്റ് അവതരണത്തിനു ആമുഖ പ്രസംഗം നടത്തിയ ഗ്രാമപഞ്ചായത്തിന്റെ ആരാധ്യനായ പ്രസിഡണ്ട് ശ്രീ ടി സുനീഷ്, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺമാർ, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, മാധ്യമ പ്രവർത്തകർ തുടങ്ങി ഏവരെയും 2026-27 വാർഷിക ബജറ്റ് അവതരണത്തിനുള്ള പ്രത്യേക യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

മലയാളത്തിൻറെ വിപ്ലവ കവി വയലാർ രാമവർമ്മയുടെ "അശ്വമേധം" എന്ന കവിതയിലെ ഏതാനും വരികളുദ്ധരിച്ച് കൊണ്ട് എൻറെയും ഈ ഭരണ സമിതിയുടെയും ആദ്യ ബജറ്റ് പ്രസംഗം ആരംഭിക്കാം.

"ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!
വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!"

സൃഷ്ടി ശക്തിയെ ലോക വേദിയിലേക്ക് വിടുന്ന അശ്വമേധത്തിൻറെ ആത്മാവോടെ, നവോത്ഥാനവും, സാമൂഹ്യ നീതിയും, വികസനവും സമന്വയിപ്പിച്ച് , നമ്മളിൽ വിശ്വാസമർപ്പിച്ച ജനങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും നടപ്പിൽ വരുത്തുന്നതിന് മാർഗ്ഗം മുടക്കാൻ ആരും വരില്ലെന്ന വിശ്വാസത്തോടെ പെരളശ്ശേരിയുടെ സമഗ്ര വികസനത്തിന് ഈ ബജറ്റ് തുടക്കമാവുമെന്ന് പ്രതീക്ഷിക്കാം

2025 ഡിസംബർ 21 ന് അധികാരമേറ്റെടുത്ത ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. പെരളശ്ശേരി ഗ്രാമപഞ്ചായത്തിൻറെ വികസന മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയ മുൻകാല ഭരണസമിതികളുടെ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കി എല്ലാ മേഖലകളിലേക്കും വികസനമെത്തിച്ച് പെരളശ്ശേരിയെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുക എന്നതാണ് നമ്മളിലർപ്പിക്കപ്പെട്ട കർത്തവ്യം. ഇത് ഉറപ്പ് വരുത്തുന്നതിന് സർവ്വ മേഖലകളെയും പരിഗണിച്ച് കൊണ്ട് സാമൂഹ്യ നീതിയും ക്ഷേമവും ഉറപ്പാക്കിക്കൊണ്ടുള്ള വികസനോൻമുഖമായി ബജറ്റാണിവിടെ അവതരിപ്പിക്കുന്നത്.

കഴിഞ്ഞ ബജറ്റിൽ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുവാനും സാമൂഹ്യനീതിയിലധിഷ്ഠിതമായ സുസ്ഥിരവും ആധുനികവുമായ നവകേരളം സൃഷ്ടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ ഊന്നിനിന്ന കൊണ്ടാണ് നമ്മുടെ ഗ്രാമപഞ്ചയത്തും വികസനക്ഷേമ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരുന്നത്. കേന്ദ്ര സർക്കാർ കേരളത്തിന് നൽകേണ്ട അർഹമായ നികുതി വിഹിതമോ ധനസഹായമോ നൽകാതെ സാമ്പത്തികമായി ഞെരുക്കുകയാണ്. കൂടാതെ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതികളിലും ദുരന്ത നിവാരണത്തിനുള്ള തുക അനുവദിക്കുന്നതിലും പ്രകടമായ വിവേചനം തുടരുകയാണ്. കേന്ദ്രഗവൺമെന്റിന്റെ കടുത്ത സാമ്പത്തിക അവഗണനകൾക്കിടയിലും സംസ്ഥാന ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും പൊതു ആവശ്യ ഫണ്ടും ഉയർത്തി തദ്ദേശ സ്ഥാപനങ്ങളെ ചേർത്ത് നിർത്തുന്ന സംസ്ഥാന സർക്കാർ നയം ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതാണ്.

2005 മുതൽ നിലവിൽ വന്നതും ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്താൻ നിലവിൽ വന്നതുമായ വിപ്ലവകരമായ പദ്ധതിയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ആ പദ്ധതിയുടെ പേര് VBG RAM G എന്നാക്കി മാറ്റുകയും നിലവിലുള്ള MGNREGS പൂർണ്ണമായും ഇല്ലാതാക്കുകയും ചെയ്തു. അത് വഴി ഗ്രാമീണ കുടുംബങ്ങളുടെ തൊഴിൽ അവകാശം, തൊഴിലില്ലായ്മ അലവൻസ് എന്നിവക്കുള്ള നിയമപരമായ അവകാശം പൂർണ്ണമായും ഇല്ലാതാക്കുന്നതാണ്. നിലവിൽ പൂർണ്ണമായും കേന്ദ്ര സർക്കാർ ഫണ്ടിംഗ് ചെയ്യുന്ന പ്രസ്തുത പദ്ധതിയിൽ 40 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകി

PERAL ASSEMBLY GP BUDGET 2026-27

ബാക്കി സംസ്ഥാന സർക്കാരുകളോട് കണ്ടെത്താൻ ആവശ്യപ്പെടുന്നത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങൾക്ക് നടപ്പിൽ വരുത്താൻ സാധിക്കാതെ പ്രസ്തുത പദ്ധതിയെ ഇല്ലാതാക്കുന്നതിന് തുല്ല്യമാണ്. തൊഴിലുറപ്പ് പദ്ധതി യുടെ ഫണ്ട് നിലക്കുന്ന പക്ഷം ആയത് ഗ്രാമീണ സമ്പദ് വ്യവസ്ഥക്ക് ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് കാരണമാവുന്നതാണ്.

ഇത്തരത്തിൽ ഒരുപാട് പ്രയാസങ്ങളും പ്രതിസന്ധികളും നമ്മുടെ മുമ്പാകെ ഉണ്ടെങ്കിലും അതിനെ നാം നേരിട്ട് മുന്നോട്ട് പോകേണ്ടതുണ്ട്. ഈ അവസരത്തിൽ കേരള നവോത്ഥാനത്തിൻറെ പിതാവ് ശ്രീ നാരായണ ഗുരു ദേവൻറെ വാക്കുകൾ സൂചിപ്പിക്കുന്നത് ഉചിതമാകുമെന്ന് കരുതുന്നു.

"പ്രതിസന്ധികൾക്കു മുന്നിൽ പകച്ചുനിൽക്കാനല്ല, അവയെ വിവേകം കൊണ്ട് നേരിടാനാണ് മനുഷ്യൻ ശ്രമിക്കേണ്ടത്".

പ്രതിബന്ധങ്ങളെ മുന്നിൽ കണ്ടു പകച്ച് നിൽക്കാതെ നാം നേടിയെടുത്ത അറിവും, വിവേകവും ഉപയോഗിച്ച് അതിനെ അതിജീവിച്ച് പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി മാറ്റാൻ നമുക്ക് സാധിക്കണം എന്നുള്ളതാണ്.

73,74 ഭരണഘടന ഭേദഗതിയിലൂടെയാണ് ഇന്ത്യൻ ഭരണഘടനയിൽ പഞ്ചായത്തീ രാജ് സ്ഥാപനങ്ങളെ ഉൾച്ചേർത്തിട്ടുള്ളത്. ശേഷം നിലവിൽ വന്ന കേരളപഞ്ചായത്ത് രാജ് ആക്ട് പ്രകാരം കൈമാറിയ 27 അനിവാര്യ ചുമതലകളും 14 പൊതുചുമതലകളും, 19 മേഖല ചുമതലകളും ഉൾപ്പടെ നിർവ്വഹിക്കാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമാണ്. ഇതിനു പുറമെ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾ വഴിയും മറ്റ് നിയമങ്ങൾ വഴിയും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. ഇത്തരം വ്യത്യസ്തങ്ങളായ ചുമതലകൾ ഒരേ സമയം നിർവ്വഹിക്കുന്നതിന് സർക്കാർ അനുവദിക്കുന്ന ഫണ്ടുകളും ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കുന്ന തനത് വരുമാനങ്ങളും മാത്രമാണ് ആശ്രയം. വർധിച്ച് വരുന്ന ഉത്തരവാദിത്തങ്ങൾക്ക് ആനുപാതികമായി തനത് വർദ്ധനവ് കണ്ടെത്തുക, ആയത് യഥാവിധി പിരിച്ചെടുക്കുക എന്നതും നമ്മുടെ മുന്നിലുള്ള വെല്ലുവിളിയാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നതാണ് കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, മാലിന്യ നിർമ്മാർജ്ജനം എന്നിവ. ഈ അനിവാര്യതയെ ഉൾച്ചേർത്ത് കൊണ്ടാണ് ഗ്രാമപഞ്ചായത്ത്

PERA LASERY GP BUDGET 2026-27

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. ഗ്രാമീണ ജനതയുടെ ക്ഷേമവും വികസനവും മുൻനിർത്തി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്. കൂടാതെ ഗ്രാമീണ റോഡുകൾ, ജലസ്രോതസ്സുകൾ, ജലാശയങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്ത് പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. അതോടൊപ്പം സ്ത്രീപക്ഷ, ശിശു, വയോജന, ഭിന്നശേഷി സൌഹൃദങ്ങളിലധിഷ്ഠിതമാണ് നമ്മുടെ പദ്ധതികൾ.

ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ മുഴുവൻ വീടുകളിലേക്കും കുടിവെള്ളമെത്തിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വരൾച്ചയെ ശാശ്വതമായി അതിജീവിക്കുന്നതിന് കിണർ റീചാർജിംഗ് പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ തയ്യാറാക്കുന്നതാണ്. നിശ്ചിത വാർഡുകളെ തിരഞ്ഞെടുത്ത് വാർഡിലെ മുഴുവൻ കിണറുകളും റീചാർജിംഗ് നടത്തി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനു മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കുന്നതാണ്. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഭാഗങ്ങളിൽ വലിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 1746547 രൂപ കെ എസ് ഇ ബിക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഈ വർഷം തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീ സൌഹൃദ ഗ്രാമം എന്ന കാഴ്ചപ്പാടിൽ ഊന്നി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഉന്നതി എന്ന പേരിൽ സ്ത്രീ പദവി പഠനം തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി ജന്റർ റിസോഴ്സ് സെന്റർ ജാഗ്രത സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി കൌമാരക്കാരായ പെൺകുട്ടികൾക്ക് മെൻസ്ട്രൽ കപ്പ് പോലുള്ള പ്രത്യേക പദ്ധതികളും തുടർപദ്ധതികളായി മുന്നോട്ട് കൊണ്ട് പോകുന്നു. സ്വയം തൊഴിൽ സംരംഭങ്ങളും, വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിനു ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി സംരംഭക സൌഹൃദ ഗ്രാമപഞ്ചായത്തായി മാറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിൽ സംസ്ഥാന സർക്കാർ സമൂലമായ മാറ്റം കൊണ്ട് വന്നത് ഈ മേഖലകളിൽ പുതുതായി വരുന്നവർക്ക് പ്രചോദനമാകുന്നതും കാലാഹരണപ്പെട്ട

PERA ASSERV GP BUDGET 2026-27

നിയമങ്ങളും ചട്ടങ്ങളും എടുത്ത് കളയുക വഴി ചുവപ്പ് നാട സംസ്കാരത്തെ പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സഹായകരമാണ്.

കാർഷിക മേഖലക്ക് ഊന്നൽ നൽകി ഈ സാമ്പത്തികവർഷം ഏറെ പദ്ധതികളാണ് പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്. നെൽകൃഷി വികസനം, തെങ്ങ് കൃഷി വികസനം, മുളക് ഗ്രാമം, പയർകൃഷി വ്യാപനം,നേന്ത്ര വാഴ കൃഷി വികസനം , അടുക്കളത്തോട്ട വികസനം, ചെറുധാന്യ വികസനം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. കൂടാതെ കൃഷിക്ക് ഭീഷണിയായി നിൽക്കുന്ന ആഫ്രിക്കൻ ഒച്ച് നിയന്ത്രിക്കുന്നതിനും അതിനെ സമ്പൂർണ്ണമായി തുരത്തുന്നതിനും പ്രത്യേക പദ്ധതിയും, വന്യജീവി അക്രമണം തടയുന്നതിന് പ്രത്യേക പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലേക്ക് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ പദ്ധതിയെക്കൂടി ഉൾപ്പെടുത്തി പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തമാവുന്നതിനു ഊന്നൽ നൽകുന്നു. ആയതിലേക്ക് പച്ചക്കറി ക്ലസ്റ്ററുകൾക്ക് പ്രാമുഖ്യം നൽകി കുടുംബശ്രീ CDS മുൻകയ്യിൽ JLG ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി ആനുകൂല്യങ്ങൾ നൽകി വരുന്നത് അടുത്ത സാമ്പത്തിക വർഷത്തിലും തുടരുന്നതാണ്. നല്ലയിനം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ നൽകിയും കീടനിയന്ത്രണ പ്രവർത്തനങ്ങൾക്ക് കൃഷി ഓഫീസ് വഴി മാർഗ്ഗനിർദേശങ്ങൾ നൽകിയും അടുക്കളത്തോട്ടം, പച്ചകൃഷി എന്നിവ പ്രോത്സാഹിപ്പിച്ചും പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തമാവുകയാണ് നമ്മുടെ ലക്ഷ്യം .

മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയിൽ തുടർ പദ്ധതികൾക്കൊപ്പം മൃഗാശുപത്രിയുടെ അടിസ്ഥാന സൌകര്യവികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുട്ടയുത്പാദനത്തിൽ സ്വയം പര്യാപ്തമാവുന്നതിനു മുട്ടക്കോഴി വിതരണവും, ക്ഷീര കർഷകർക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്നതിനും, കന്നുകുട്ടി പരിപാലനത്തിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിൻറെ പ്രത്യേക ഫണ്ട് 55 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മാണം നടത്തി വരുന്ന മൂന്നുപെരിയ വെറ്റിനറി ഹോസ്പിറ്റൽ നിർമ്മാണം പൂർത്തിയാവുന്നതോടെ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൌകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ സാധിക്കുന്നതാണ്.

വിദ്യാഭ്യാസ മേഖലയിൽ SSA ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ തുടർസാക്ഷരത പദ്ധതിയുടെ ഭാഗമായുള്ള പത്താമുദയം, പദ്ധതിക്കുള്ള വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ

PERIA SSERY GP BUDGET 2026-27

കേന്ദ്രസർക്കാരിന്റെ ഉല്ലാസ്- ന്യൂ ഇന്ത്യ ലിറ്ററസി പരിപാടിയുടെ അടുത്ത ഘട്ടത്തിലേക്ക് പെരളശ്ശേരി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടു പയോഗിച്ചും സാക്ഷരത പ്രവർത്തനങ്ങളുടെ തുടർപരിപാടികൾ ആവിഷ്കരിക്കുന്നതാണ്. കൂടാതെ വായനശാലകൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങളും പത്ര, മാസികകളും അടുത്ത സാമ്പത്തിക വർഷത്തിലും തുടരുന്നതാണ്.

ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ PHC യെ FHC യായി ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ച് പൊതുവാച്ചേരിയിൽ ആധുനിക സൌകര്യങ്ങളോട് കൂടിയുള്ള കെട്ടിടത്തിൻറെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. കൂടാതെ മക്രേരി, മൂന്നുപെരിയ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ആയത് പൂർണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആരോഗ്യകേന്ദ്രങ്ങളുടെ നിലവാരവും മികച്ച സൌകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ PHC ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങുന്നതിനും കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യവികസനത്തിനും, മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സമഗ്ര ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി, സമഗ്ര പകർച്ചവ്യാധി നിയന്ത്രണ പരിപാടി, കണ്ണൂർ ഫൈറ്റ് കാൻസർ-കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ, വൃക്ക രോഗികൾക്ക് ധനസഹായം നൽകൽ, ടി ബി രോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം, മാരക രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ എന്നിവക്കും തുക വകയിരുത്തിയിട്ടുണ്ട്.

മാലിന്യ സംസ്കരണ രംഗത്ത് അഭിമാനാർഹമായ മുന്നേറ്റം നടത്താൻ നടപ്പു സാമ്പത്തിക വർഷം നമുക്ക് സാധിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ മികച്ച പ്രവർത്തനങ്ങളിലൂടെ മാലിന്യനിർമ്മാർജ്ജനത്തിന് ഗതിവേഗം നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള മിനി എം സി എഫ് വഴി മാലിന്യ ശേഖരണം കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കൂടുതൽ

PERALASSERY GP BUDGET 2026-27

മിനി എം സി എഫ് കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എം സി എഫിന്റെ അടിസ്ഥാന സൌകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനു തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യാൻ ഉപയോഗിച്ച് വരുന്ന പഴയ വാഹനത്തിന് പകരം പുതിയ വലിയ വാഹനം വാങ്ങിക്കുന്നതിന് ജെം സോഫ്റ്റ് വെയർ വഴി റിക്വസിഷൻ നൽകിയിട്ടുണ്ട്. മാർച്ച് മാസം ആദ്യം പുതിയ വണ്ടി ലഭ്യമാകുമെന്ന് കരുതുന്നു. നിലവിൽ വണ്ടിയുടെ ഡ്രൈവർക്ക് 3 വീലർ ലൈസൻസ് ആണുള്ളത്. അവരുൾപ്പെടെ മറ്റ് 2 പേർക്ക് കൂടി 4 വീലർ വാഹനം ഡ്രൈവിംഗ് പരിശീലനത്തിന് നടപ്പ് വർഷം പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിനു ധനകാര്യകമ്മീഷൻ/നഗരസഞ്ചയ ഫണ്ടുകൾ ഉപയോഗിച്ച് പരമാവധി വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വീടുകൾക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത്തരത്തിൽ മുഴുവൻ വീടുകളിലും ജൈവമലിന്യ സംസ്കരണത്തിനും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്ത് സമ്പൂർണ ജൈവമാലിന്യ മുക്ത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ മാലിന്യമുക്ത നവകേരളം- ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ ആദ്യത്തെ മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി മാറാൻ നമുക്ക് സാധിച്ചത് മേൽ പ്രവർത്തനങ്ങളുടെയും, കൂട്ടായ നമ്മുടെ ശ്രമങ്ങളുടെയും ഫലമാണ്. ഈ നേട്ടം നിലനിർത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്. മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നിരന്തരം ബോധവത്കരണം നടത്തിയിട്ടും ചിലയാളുകൾ ആയത് ഇപ്പോഴും നിർബാധം തുടർന്നു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പിഴ ഈടാക്കുന്നതിലും ആയത് കളക്ട് ചെയ്യുന്നതിൽ ചെറിയ ഒരു അമാന്തം നടപ്പ് സാമ്പത്തിക

PERALASSERY GP BUDGET 2026-27

വർഷത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ഇത്തരക്കാർക്ക് യായൊരുവിധ പരിഗണനയും നൽകാതെ സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള തുക പിഴ ഈടാക്കുന്നതിനും അങ്ങനെ ലഭ്യമാകുന്ന തുക ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും ഈ ബജറ്റ് ലക്ഷ്യമിടുന്നു. ഇത്തരത്തിൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഗ്രേഡിങ്ങിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനത്തിനുള്ള അവാർഡും, സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണ സംവിധാനമുള്ള ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരവും ലഭിച്ചത് ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. കൂടാതെ രാജ്യത്തിൻറെ 79 മത് സ്വാതന്ത്ര്യ ദിനാഘോഷത്തിൻറെ ഭാഗമായുള്ള ബെസ്റ്റ് പെർഫോമൻസ് ഗ്രാമപഞ്ചായത്തുകളിലൊന്നായി നമ്മുടെ ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുക്കുകയും ന്യൂഡൽഹിയിൽ കേന്ദ്ര ഗ്രാമവികസന കൂടിവെള്ള മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽ മുൻ പ്രസിഡൻറ് ശ്രീമതി എ വി ഷീബ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് പങ്കെടുത്തതും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്.

ബാലസൗഹൃദം എന്ന ലക്ഷ്യം മുൻനിർത്തി ബാലസഭാ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് കായിക പരിശീലനം, വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം എന്നിവ നടത്തുന്നതിനും ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ അങ്കണവാടികളുടെ അടിസ്ഥാന സൌകര്യ വികസനത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. അധിക ഫണ്ട് ലഭ്യമാവുകയാണെങ്കിൽ സ്ഥല സൌകര്യങ്ങളുള്ള അംഗനവാടികളെ തിരഞ്ഞെടുത്ത് സ്മാർട്ട് അംഗനവാടികളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

PERALASSERY GP BUDGET 2026-27

വയോജന ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ ഈ ബജറ്റ് മുന്നോട്ട് വെക്കുന്നുണ്ട്. വയോജന സംഗമം, വയോജന കലാമേള, സായം പ്രഭ-വയോജന കേന്ദ്രത്തിന്റെ അടിസ്ഥാന സൌകര്യ വികസനം-തുടർ നടത്തിപ്പ് തുടങ്ങിയവക്ക് അടുത്ത വർഷം തുക വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ ക്ഷേമം മുൻനിർത്തിയും നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. ഭിന്നശേഷി കലാ, കായികമേള, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവക്കും അടുത്ത സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനു ധനസഹായം നൽകൽ, ഭവനപദ്ധതികൾ, വീട് വാസയോഗ്യമാക്കൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം, മിശ്രവിഹാഹിതർക്ക് ധനസഹായ വിതരണം തുടങ്ങിയവക്കും പ്രത്യേക ഊന്നൽ നൽകി ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണനയാണ് ഈ ബജറ്റ് നൽകിയിരിക്കുന്നത്. വനിതകൾക്ക് യോഗപരിശീലനം, വനിതകൾക്ക് സൂംബ പരിശീലനം, മെൻസ്ട്രുവൽ കപ്പ് വിതരണം, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം, വനിതകൾക്ക് ഫിറ്റ്നസ് സെൻറർ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുന്നിൽ കണ്ടുകൊണ്ട് തൊഴിലാളികൾക്ക് മത്സ്യബന്ധന വള്ളവും വലയും നൽകുന്നതിനും, മത്സ്യ വിൽപ്പനക്കായി ഇരു ചക്ര വാഹനവും ഐസ് ബോക്സും, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി ഫർണിച്ചർ നൽകൽ എന്നീ പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തിയിട്ടുണ്ട്.

മികച്ച പ്രവർത്തനങ്ങളിലൂടെ നടപ്പു സാമ്പത്തികവർഷത്തിൽ അതിദരിദ്രമുക്ത ഗ്രാമപഞ്ചായത്താവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ആ വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി പദ്ധതികൾ തയ്യാറാക്കേണ്ടതുള്ളതിനാൽ

PERAL ASSLY GP BUDGET 2026-27

അവർക്ക് മരുന്നുവാങ്ങുന്നതിനും, വിശപ്പ് രഹിത കേരളം പദ്ധതിക്കുമായി നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷത്തിൽ നെറ്റ് സീറോ കാർബൺ ഗ്രാമപഞ്ചായത്തായി പെരളശ്ശേരിയെ മാറ്റുന്നതിനു തുടക്കം കുറിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും അതിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസായ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പ്ലാന്റ് വഴി വലിയൊരളവിൽ വൈദ്യുതി ബിൽ കുറക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും വൈദ്യുതി ബില്ലുകൾ ഒരു ലക്ഷം രൂപക്കടുത്ത് വരുന്നുണ്ട്. ആയത് നിയന്ത്രിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്

കുഴിക്കിലായിയിൽ പ്രവർത്തിക്കുന്ന ഗ്യാസ് ക്രമിറ്റോറിയം നല്ല രീതിയിലാണ് പ്രവർത്തിച്ച് വരുന്നത്. എന്നിരുന്നാലും ഇടക്കിടെ ആയത് പ്രവർത്തന രഹിതമാവുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. അതിന്റെ സമഗ്രമായ നവീകരണത്തിനും നടത്തിപ്പിനും നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തല മേഖലക്ക് മികച്ച പരിഗണനയാണ് ഈ ബജറ്റ് നൽകിയിരിക്കുന്നത്. മികച്ച പൊതുഗതാഗതം ഉറപ്പ് വരുത്തുന്നതിനു ലഭ്യമായ എല്ലാ വിഭവങ്ങളും ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ജി.ഐ.എസ് മാപ്പിംഗ് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ആയതിലേക്ക് നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ മികച്ച മുന്നേറ്റമാണ് അടുത്ത സാമ്പത്തികവർഷം നാം ലക്ഷ്യമിടുന്നത്. ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ പെരളശ്ശേരി, മക്രേരി അമ്പലങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുക, എ കെ ജി മ്യൂസിയം, ചെറുമാവിലായി റിവർവ്യൂ പാർക്ക് തുടങ്ങിയവ നമുക്ക് പ്രതീക്ഷ നൽകുന്ന സംസ്ഥാനസർക്കാരിന്റെ പദ്ധതികളാണ്. കടാതെ ഇത് പ്രാവർത്തികമാവുന്നതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും പ്രാദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അതു വഴി പ്രാദേശിക സാമ്പത്തിക നില മെച്ചപ്പെടുമെന്നും നമുക്ക് പ്രതീക്ഷിക്കാം. ഇതിന് ഈ ബജറ്റിലെ വകയിരുത്തലുകൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തീർത്ഥാടന ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായാൽ

PERALASSERY GP BUDGET 2026-27

നമ്മുടെ സ്വപ്നമായ പെരളശ്ശേരി ബസ് സ്റ്റാൻഡും, ടാക്സി സ്റ്റാൻഡും യാഥാർത്ഥ്യമാക്കുന്നതിനും പെരളശ്ശേരിയിലെ പാർക്കിങ് പ്രശനങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനും നമുക്ക് സാധിക്കുന്നതാണ്.

ഇന്ന സമൂഹത്തെ കാർന്ന തിന്നുന്ന വിപത്താണ് ലഹരി. ലഹരി കൊണ്ടുള്ള വിപത്തുകളാണ് ദിനംപ്രതി ദൃശ്യ പത്ര മാധ്യമങ്ങൾ വഴി നാം കാണുന്നത്. ഇതിന ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളെയാണ് ലഹരിമാഫിയ പ്രധാന ഇരകളാക്കുന്നത്. ഇതിനെതിരെ എക്സൈസ് വകുപ്പിൻറെ സഹകരണത്തോടെ ബഹു ജനങ്ങളെ അണിനിരത്തി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം എന്ന പദ്ധതി വഴിയും പ്രവർത്തനങ്ങൾ നടത്താൻ അടുത്ത സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്.

"ഏറ്റവും ഒടുവിലത്തെ മനുഷ്യന്റെയും കണ്ണീരൊപ്പാൻ കഴിയുമ്പോഴാണ് വികസനം പൂർണ്ണമാകുന്നത്"

ഇത് നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മ ഗാന്ധിയുടെ വാക്കുകളാണ് . ഈ ബജറ്റ് ആ ലക്ഷ്യത്തിലേക്കുള്ള ഒരു എളിയ ചുവടുവെപ്പാണ്. നമ്മുടെ എല്ലാ പദ്ധതികളും ജനക്ഷേമത്തിനും വികസനത്തിനും പൊതുജന നൻമക്കും ഉതകുന്നതും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്നതാണെന്നുമുള്ള ഉത്തമ വിശ്വാസത്തിൽ 2026-27 വർഷത്തെ വാർഷിക ബജറ്റിലെ മുൻഗണനാപട്ടിക നിങ്ങളുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

മുൻഗണനാ പട്ടിക

❖ കൃഷി അനുബന്ധ മേഖലയും

- തെങ്ങ് കൃഷി വികസനം – 6.4 ലക്ഷം
- തരിശ് രഹിത പെരളശ്ശേരി– തരിശ് ഭൂമിയെ കൃഷിഭൂമിയാക്കൽ– 2 ലക്ഷം
- നെൽകൃഷി വികസനം – 4.5 ലക്ഷം
- ഇടവിളകിറ്റ്വിതരണം – 4.5 ലക്ഷം
- ഫല വൃക്ഷ ഗ്രാമം – 3.5 ലക്ഷം
- നേന്ത്രവാഴ കൃഷി വികസനം – 2.1 ലക്ഷം
- വന്യ ജീവി ആക്രമണം തടയൽ – 0.08 ലക്ഷം

PERALASSERY GP BUDGET 2026-27

- പച്ചക്കറി കൃഷി വികസനം – 0.3 ലക്ഷം
- ആഫ്രിക്കൻ ഒച്ച് നിയന്ത്രണം – 0.29 ലക്ഷം
- അടുക്കളത്തോട്ട വികസനം – 4.9 ലക്ഷം
- മുളക് ഗ്രാമം പദ്ധതി – 1.4 ലക്ഷം
- ചെറു ധാന്യ വികസനം – 1.2 ലക്ഷം
- പയർ കൃഷി വികസനം – 1 ലക്ഷം
- തരിശുപച്ചക്കറി കൃഷി – 1.7 ലക്ഷം
- കൃഷിഭവൻ ഐ എസ് ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ– 1 ലക്ഷം
- കൃഷിഭവൻ കണ്ടിജൻറ് ചെലവുകൾ – 1 ലക്ഷം

❖ മൃഗസംരക്ഷണം

- ✓ ധാതുലവണ മിശ്രിതം വിര മരുന്ന് വിതരണം – 1.1 ലക്ഷം
- ✓ മുട്ടക്കോഴി/ഇറച്ചിക്കോഴി വിതരണ പദ്ധതി – 2.5 ലക്ഷം
- ✓ മൃഗാശുപത്രിക്ക് സിറിഞ്ചും നീഡിലും വാങ്ങൽ – 0.2 ലക്ഷം
- ✓ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ – 1.5 ലക്ഷം
- ✓ ഇമേജ് വഴി ജൈവ അജൈവ മാലിന്യ നിർമ്മാർജ്ജനം – 0.15 ലക്ഷം
- ✓ കന്നുകുട്ടി പരിപാലനം – 2 ലക്ഷം
- ✓ വെറ്റിനറി ഹോസ്പിറ്റലിലെ കണ്ടിജൻറ് ചെലവുകൾ – 1 ലക്ഷം

❖ ക്ഷീരവികസനം

- ➢ ക്ഷീരകർഷകർക്ക് പാലിന് ഇൻസെൻറീവ് – 1 ലക്ഷം
- ➢ തീറ്റപ്പുൽ കൃഷി വ്യാപനം – 0.48 ലക്ഷം

❖ മത്സ്യബന്ധനം

- ✓ മത്സ്യവിൽപ്പനക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും– 4 ലക്ഷം
- ✓ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകൽ – 1 ലക്ഷം
- ✓ വനിതകൾക്ക് അലങ്കാര മത്സ്യകൃഷി – 1 ലക്ഷം
- ✓ മത്സ്യബന്ധന വള്ളവും വലയും – ഉൾനാടൻ – 2 ലക്ഷം

❖ പാർപ്പിടം

- ○ വീട് വാസയോഗ്യമാക്കൽ ജനറൽ – 38 ലക്ഷം
- ○ വീട് വാസയോഗ്യമാക്കൽ പട്ടികജാതി – 6 ലക്ഷം

PERALASSERY GP BUDGET 2026-27

- ലൈഫ് ഭവന പദ്ധതി ജനറൽ – 60 ലക്ഷം
- ലൈഫ് ഭവന പദ്ധതി പട്ടികജാതി – 8 ലക്ഷം
- പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ – 1.4 ലക്ഷം
- ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധന സഹായം– 4 ലക്ഷം
- ലൈഫ് ഭവനങ്ങൾക്ക് വയറിങ് പട്ടികജാതി – 0.12 ലക്ഷം

➢ സാമൂഹ്യക്ഷേമം

❖ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ

- ✓ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്– 19 ലക്ഷം
- ✓ ഭിന്നശേഷി കലാ –കായിക മേള – 0.75 ലക്ഷം
- ✓ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് നിർമ്മാണം – 0.30 ലക്ഷം
- ✓ ഭിന്നനശേഷിക്കാർക്ക് പെട്ടിക്കട – 2 ലക്ഷം

❖ വയോജനം

- വയോജന സംഗമം – 0.80 ലക്ഷം
- സായംപ്രഭ പദ്ധതിഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകൽ– 1 ലക്ഷം
- സായംപ്രഭ കെയർഗിവർ ഹോണറേറിയം നൽകൽ – 1.6 ലക്ഷം
- വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ – 3 ലക്ഷം
- വയോജന സൗഹൃദ ടോയ്ലറ്റ് നിർമ്മാണം – 1 ലക്ഷം

➢ <u>മറ്റ് സാമൂഹ്യക്ഷേമ പദ്ധതികൾ</u>

- വിശപ്പ് രഹിത കേരളം പദ്ധതി – 0.25 ലക്ഷം
- വിശപ്പ് രഹിത കേരളം പദ്ധതി – 0.25 ലക്ഷം
- ഡിജി കണ്ണൂർ – 1 ലക്ഷം

❖ വനിത

- സ്ത്രീ സൗഹൃദം വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം– 29 ലക്ഷം
- സ്ത്രീ സൗഹൃദ പഞ്ചായത്ത് – കമ്മ്യൂണിറ്റി വുമൺ ഫെസിലിട്ടേറ്റർക്ക് ഹോണറേറിറിയം നൽകലും അനുബന്ധ ചിലവുകളും – 2.5 ലക്ഷം

PERALASSERY GP BUDGET 2026-27

- പൊതു ശൗചാലയത്തിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ – 0.30 ലക്ഷം
- വനിതകൾക്ക് സുംബ പരിശീലനം – 0.15 ലക്ഷം
- വനിതകൾക്ക് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കൽ – 6 ലക്ഷം
- ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ – 0.30 ലക്ഷം
- വനിതകൾക്ക് യോഗ പരിശീലനം – 0.30 ലക്ഷം

❖ കുട്ടികൾ

- ബാലസഭ പ്രവർത്തനങ്ങൾ – 0.19ലക്ഷം
- അങ്കണവാടി പോഷകാഹാര പദ്ധതി – 31.2 ലക്ഷം
- അങ്കണവാടി കലാകായികമേള – 0.30 ലക്ഷം
- വിവിധ അങ്കണവാടികളുടെ നവീകരണം – 6 ലക്ഷം
- അങ്കണവാടികളിലെ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കൽ– 0.30 ലക്ഷം
- അങ്കണവാടികളെ സ്മാർട്ട് ആക്കി മാറ്റൽ – 1 ലക്ഷം
- ശ്രുതിതരംഗം പ്രോജക്ട് – കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണ റിപ്പയറിംഗിന് ഉള്ള ധനസഹായം – 0.50 ലക്ഷം
- അങ്കണവാടികളുടെ അടിസ്ഥാന സൌകര്യ വികസനം – 15 ലക്ഷം
- അങ്കണവാടികളുടെ കണ്ടിജൻസി ചെലവുകൾ – 1.5 ലക്ഷം

❖ വിദ്യാഭ്യാസം, സ്കൂളുകളുടെ അടിസ്ഥാനസൌകര്യവികസനം

- പത്താമുദയം–സമ്പൂർണ്ണസെക്കൻററി വിദ്യാഭ്യാസ ജില്ല – 2 ലക്ഷം
- സ്മൈൽ പ്ലസ്–സമഗ്രവിദ്യാഭ്യസ പദ്ധതി – 2 ലക്ഷം
- വിദ്യാർത്ഥികൾക്ക് യോഗപരിശീലനം – 0.30 ലക്ഷം
- വിദ്യാർത്ഥികൾക്ക് കായികപരിശീലനം – 0.30 ലക്ഷം
- വിദ്യാർത്ഥികൾക്ക് കരാട്ടെപരിശീലനം – 0.30 ലക്ഷം
- വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് –ഇക്കോ സെൻസ് – 0.75 ലക്ഷം
- എസ്എസ്എ വിഹിതം അടക്കൽ – 10 ലക്ഷം
- സ്റ്റുഡൻറ് പോലീസ് കേഡറ്റിന് തുക നൽകൽ – 0.50 ലക്ഷം

PERAMBRA GP BUDGET 2026-27

❖ ആരോഗ്യം

- സാന്ത്വന പരിചരണം – 11.8 ലക്ഷം
- സമഗ്ര ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ – 1 ലക്ഷം
- മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ – 5 ലക്ഷം
- പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ – 1.5 ലക്ഷം
- ആരോഗ്യ ജാഗ്രത – സമഗ്ര പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കലും ഫീൽഡ് തല പ്രതിരോധ കൃത്തിവെപ്പ് നടത്തുന്നതിൻറെ വാഹന വാടക അനുവദിക്കലും മറ്റ് ദേശീയ ആരോഗ്യ പരിപാടികളുടെ ശാക്തീകരണവും – 1.2 ലക്ഷം
- അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മരുന്ന് വാങ്ങൽ – 0.50 ലക്ഷം
- പിഎച്ച്സിയിലും ഉപകേന്ദ്രങ്ങളിലും പ്രിൻറർ വാങ്ങൽ – 1 ലക്ഷം
- കണ്ണൂർ ഫൈറ്റ്സ് കാൻസർ – സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി– 0.25 ലക്ഷം
- മാരക രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ – 0.15 ലക്ഷം
- പിഎച്ച്സിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ – 1.4 ലക്ഷം
- കണ്ണൂർ ഫൈറ്റ്സ് കാൻസർ – കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ– 0.15 ലക്ഷം
- ക്ഷയരോഗികളുടെ സ്ക്രീനിംഗ് – 0.12 ലക്ഷം
- പിഎച്ച്സിയിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ – 6.4 ലക്ഷം
- ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ – 1.4 ലക്ഷം
- ആരോഗ്യ കേന്ദ്രങ്ങൾക്ക് രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ –5.3 ലക്ഷം
- പിഎച്ച്സിയിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ –4.4 ലക്ഷം
- ആശുപത്രിയിൽ രോഗനിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ–ആരോഗ്യ ഗ്രാൻഡ് –0.60 ലക്ഷം
- ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ – 0.12ലക്ഷം
- വൃക്ക രോഗികൾക്ക് ധനസഹായംനൽകൽ – 4 ലക്ഷം
- പി എച്ച് സിയിലെ കണ്ടിജൻസി ചെലവുകൾ – 2 ലക്ഷം
- ആയുർവേദ ഡിസ്പെൻസറി കണ്ടിജൻസി ചെലവുകൾ – 1 ലക്ഷം
- ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – 6 ലക്ഷം
- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – 2 ലക്ഷം

PERALASSERY GP BUDGET 2026-27

- ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം – 0.50 ലക്ഷം
- ടിബിരോഗികൾക്ക് ഭക്ഷ്യകിറ്റ് വിതരണം – 0.67 ലക്ഷം

❖ കുടിവെള്ളം

- ✓ തുറസായ കിണർ ശുചിത്വ കിന്നരക്കി മാറ്റൽ – പട്ടികജാതി – 0.36 ലക്ഷം
- ✓ തുറസായ കിണർ ശുചിത്വ കിന്നരക്കി മാറ്റൽ – 0.80 ലക്ഷം
- ✓ പരിയാരം കുടിവെള്ള കുളം നിർമ്മാണം – 2.7 ലക്ഷം
